# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 429 — 27/06/2014-ൽ മറുപടിയ്ക്ക്

## ഹോർട്ടികോർപ്പ് സ്ഥാപനങ്ങൾക്കുവേണ്ടി പച്ചക്കറി സംഭരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഗീതാ ഗോപി<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ. കെ. അജിത്<br>ശ്രീ. വി.ശശി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ഹോർട്ടികോർപ്പ് സ്ഥാപനങ്ങൾക്കുവേണ്ടി ഏതെല്ലാം രീതികളിലാണ് പച്ചക്കറി സംഭരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) | കേരളത്തിലെ കർഷകർ, ഗ്രാമീണ കാർഷിക മൊത്തവ്യാപാര വിപണികൾ, കർഷക സംഘങ്ങൾ, സംഘമൈത്രി, വി.എഫ്.പി.സി.കെ., ഇടുക്കിയിലെ വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിലെ കർഷകർ, കർഷക സൊസൈറ്റികൾ എന്നിവയിൽ നിന്നും പച്ചക്കറികൾ സംഭരിക്കുന്നു. സംസ്ഥാനത്ത് ലഭ്യമല്ലാത്ത പച്ചക്കറിയിനങ്ങൾ അടുത്ത സംസ്ഥാനങ്ങളിൽ നിന്നും സംഭരിച്ചു വരുന്നു. |
| ബി) | കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണിവില നൽകാറുണ്ടോ; | ബി) | കർഷകരുടെ ഉല്പന്നങ്ങൾക്ക് അതാതു ദിവസങ്ങളിലെ വിപണി വിലയെ സംബന്ധിച്ച് വി.എഫ്.പി.സി.കെ., കാർഷികമൊത്ത വ്യാപാര വിപണി, പ്രാദേശിക മാർക്കറ്റുവില എന്നിവ കണക്കിലെടുത്താണ് വില നൽകുന്നത്. |
| സി) | പച്ചക്കറി സംഭരണശാലയിലേയ്ക്ക് ലോക്കലായി സ്വകാര്യ വ്യക്തികളിൽ നിന്നും നേരിട്ട് സാധനങ്ങൾ വാങ്ങാറുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിൽ സാധനങ്ങൾ വാങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; | സി) | കേരളത്തിലെ കർഷകരിൽ നിന്നും അന്യസംസ്ഥാനങ്ങളിലെ കച്ചവടക്കാരിൽ നിന്നും ആവശ്യത്തിന് പച്ചക്കറികൾ തികയാതെ വരുന്ന അടിയന്തിര ഘട്ടങ്ങളിൽ, അത്തരം പച്ചക്കറികൾ ലോക്കൽ കച്ചവടക്കാരിൽ നിന്നും വാങ്ങാറുണ്ട്. ഇപ്രകാരം സംഭരിക്കുമ്പോൾ പച്ചക്കറിയുടെ ഗുണമേന്മ ഉറപ്പുവരുത്തുകയും വില കുറച്ച് സംഭരിക്കാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. |

| | | | |
|---|---|---|---|
| ഡി) | വിതരണത്തിന് ആവശ്യമായ പച്ചക്കറികൾ കർഷകരിൽ നിന്നും ലഭിക്കുമെങ്കിൽ അവ സംഭരിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാം; | ഡി) | കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി വിളകൾ ഒരേ സമയം ആറോ ഏഴോ ഇനങ്ങൾ മാത്രമാണ്. ഒരു പച്ചക്കറി സ്റ്റാളിലേയ്ക്ക് ഇരുപത്തഞ്ചോളം ഇനങ്ങൾ ആവശ്യമാണ്. ആയതിനാൽ സംസ്ഥാനത്തില്ലാത്ത പച്ചക്കറികൾ അടുത്ത സംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കേണ്ടത് ആവശ്യമാണ്. വി.എഫ്.പി.സി.കെ. വിപണി വഴിയും കൃഷി വകുപ്പിലെ കാർഷിക മൊത്തവ്യാപാര വിപണി വഴിയും കർഷകരിൽ നിന്നും നേരിട്ടും പച്ചക്കറികൾ സംഭരിക്കുന്നുണ്ട്. ഗുണമേന്മയുള്ളതും അന്നന്നത്തെ കമ്പോളവിലയനുസരിച്ചും വി.എഫ്.പി.സി.കെ മുതലായ സ്ഥാപനങ്ങൾ വഴി വിപണനം നടത്തുന്ന വിലകൾ അനുസരിച്ചും കൃഷിക്കാർ പച്ചക്കറികൾ തരാൻ തയ്യാറായാൽ അവ സംഭരിക്കുന്നതാണ്. എല്ലാ ജില്ലകളിലും (വയനാട്, മലപ്പുറം, കാസർഗോഡ്) ഒഴികെ ഹോർട്ടികോർപ്പിന്റെ സംഭരണകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |
| ഇ) | സർക്കാർ- അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | ഇ) | സംസ്ഥാനത്തെ എല്ലാ കാർഷിക മൊത്ത വ്യാപാര വിപണികളിലും ഹോർട്ടികോർപ്പ് ലേലത്തിൽ പങ്കെടുക്കുകയും കർഷകർക്ക് ന്യായവില നൽകി പഴം- പച്ചക്കറികൾ സംഭരിച്ചു വരികയും ചെയ്യുന്നു. ഇതുമൂലം കർഷകർക്ക് ന്യായവില ലഭ്യമാകുകയും അവർക്ക് അവരുടെ ഉല്പന്നങ്ങൾ യഥാസമയം വിറ്റഴിക്കുന്നതിനും സാധിക്കുന്നു. പ്രസ്തുത ലേലങ്ങളിൽ വിറ്റഴിയാതെ വരുന്ന പച്ചക്കറികൾ കൂടി ഹോർട്ടികോർപ്പ് ഏറ്റെടുക്കുകയും അതിനായി വരുന്ന കയറ്റിറക്ക് ചെലവുകളും, കർഷകരിൽ നിന്നും ഉയർന്ന വിലയ്ക്ക് പച്ചക്കറി ഏറ്റെടുക്കുന്നതിനായി ചെലവാകുന്ന അധിക തുകയും, കൃഷി വകുപ്പിൽ നിന്നും അനുവദിച്ചു നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ